ഏറെറടുത്ത് നിറവേറേണ്ടതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അത് ഗവൺമെൻറിൻെറ പരിഗണനയിൽ ഇരിക്കുകയാണ്. ഇതിന് ആഗ്രഹമില്ലാഞ്ഞിട്ടല്ല. ഒരു ബുദ്ധിമുട്ടെന്നു പറയുന്നത് ഈ വർഷം ഇതുപോലുള്ള ചെറുകിട മരാമത്ത് പണികൾക്കുവേണ്ടി ആറരലക്ഷം രൂപ മാത്രമാണ് ബഡ്ജറ്റിൽ വകകൊള്ളിക്കാൻ കഴിഞ്ഞിരിക്കുന്നത്. ഫണ്ടിൻെറ അപര്യാപ്തതയാണ് ഇങ്ങനെയുള്ള കാര്യങ്ങൾ ഏറെറടുക്കാൻ കഴിയാതെ വരുന്നത്. മറെറ പ്രാഥമിക സൗകര്യങ്ങളും അത്യാവശ്യ കാര്യങ്ങളും നമ്മുടെ ഗവൺമെൻറ് സ്ക്കൂളുകൾക്കെല്ലാം ചെയ്തു കൊടുക്കാൻ കഴിഞ്ഞു എന്നുള്ളത് ഏറെറവും വലിയ ഒരു കാര്യമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം ഗവൺമെൻറിൻെറ പരിഗണനയിൽ ഉണ്ട്. കഴിയുന്നതും വേഗം അതിന് പരിഹാരമുണ്ടാക്കിത്തരാനുള്ള ശ്രമം ഗവൺമെൻറ് നടത്തുന്നതാണ്.

(4) കറുകച്ചാൽ പോലീസ് സ്റേറഷനതിർത്തിയിൽ നടന്ന കവർച്ച

ശ്രീ. കാനം രാജേന്ദ്രൻ : സർ, എൻെറ മണ്ഡലത്തിൽപ്പെട്ട കറുകച്ചാൽ പോലീസ് സ്റേറഷൻ അതിർത്തിയിൽ നെടുംകുന്നം ചേരകുളത്തു ശ്രീ. സി. വി. ദേവസ്യയുടെ വീട്ടിൽ വോട്ടേഴ്സ്ലിസ്റിൽ പേരു ചേർക്കാൻ എന്നു പറഞ്ഞ് പകൽ മൂന്നു മണിക്ക് രണ്ടു പെറുപ്പക്കാർ ചെല്ലുകയും അദ്ദേഹത്തിൻെറ ഭാര്യയെ കഠാര കാണിച്ച് ഭീഷണിപ്പെടുത്തി എല്ലാ സ്വർണ്ണാഭരണങ്ങളും പണവും ആ വീട്ടിൽനിന്നും എടുത്തുകൊണ്ട് പോകുകയും ചെയ്തു. നഴ്സറി സ്ക്കൂൾ വിട്ടുവന്ന ഒരു കൊച്ചു കുട്ടിയെ കുളിമുറിക്കുള്ളിൽ ഇട്ട് പൂട്ടുകയും എല്ലാ ആഭരണങ്ങളും പണവും എടുത്തു കഴിഞ്ഞതിനുശേഷം, ആ സ്ത്രീയേയും അക്രമികൾ കുളിമുറിക്കുള്ളിലിട്ട് പൂട്ടി രക്ഷപ്പെടുകയുമാണുണ്ടായത്. അതിനെക്കുറിച്ച് അന്വേഷണമൊക്കെ നടന്ന് ആഴ്ചകൾ കഴിഞ്ഞെങ്കിലും പ്രതിയെ പിടിച്ചിട്ടില്ല. ഇപ്പോൾ കാര്യമായ അന്വേഷണവും നടക്കുന്നില്ല. അടിയന്തിരമായി അന്വേഷണം നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഒരു ദിവസം പകൽ എന്യൂമറേഷൻ എന്ന് പറഞ്ഞ് രണ്ടു ആളുകൾ വന്നു ആ വീട്ടിൽ നടത്തിയ സംഭവങ്ങൾ വളരെ വിശദമായി ബഹുമാനപ്പെട്ട മെമ്പർ സംസ്കരിച്ചു കഴിഞ്ഞിരിക്കുന്ന സ്ഥിതിക്ക് ഞാൻ ആവർത്തിക്കുന്നില്ല. ഈ കാര്യം ഡി. വൈ. എസ്. പി. യുടെ നേതൃത്വത്തിൽ ഒരു ടീം അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കേണ്ട ആവശ്യം വരുകയാണെങ്കിൽ അക്കാര്യം പരിശോധിക്കുന്നതാണ്. ഇപ്പോഴത്തെ നിലയിൽ അന്വേഷണം നന്നായിട്ട് പ്രോഗ്രസ് ചെയ്യുന്നുണ്ട്.

(5) പാനൂരിൽ 110 കെ. വി. സബ് സ്റേറഷൻ സ്ഥാപിക്കണമെന്ന ആവശ്യം

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, എൻെറ നിയോജകമണ്ഡലത്തിൽ പാനൂരിൽ നിർമ്മിക്കാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള 110 കെ. വി. സബ് സ്റേറഷൻെറ നിർമ്മാണ ജോലികൾ ത്വരിതപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. കണ്ണൂർ ജില്ലയിൽത്തന്നെ വോൾട്ടേജ് വളരെ കമ്മിയാണ്. അതിൽ ഏറെറവും രൂക്ഷമായ സാഹചര്യമാണ് എൻെറ നിയോജകമണ്ഡലത്തിലുള്ളത്. ഈ സാഹചര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly